വിവരങ്ങൾ, വരുമാനദായക/സേവന പരിപാടികൾവഴി കുടുംബത്തിനു ലഭിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച വിവരങ്ങൾ, കടബാദ്ധ്യത സംബന്ധിച്ച വിവരങ്ങൾ എന്നിവ ശേഖരിച്ചിട്ടുണ്ട്.

(ഡി) എന്യൂമറേറ്റർമാർ തയ്യാറാക്കിയ സെൻസസ് ഫാറങ്ങളുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് ദാരിദ്ര്യരേഖാ കുടുംബ ലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കേണ്ടതുണ്ട്. കരട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗ്രാമസഭ കരട് ലിസ്റ്റ് അംഗീകരിച്ചശേഷം മാത്രമേ സെൻസസ് പ്രകാരമുള്ള സ്ഥിതിവിവര കണക്കുകളും നിഗമനങ്ങളും ക്രോഡീകരിച്ച് വെളിപ്പെടുത്താൻ കഴിയുകയുള്ളൂ.

32 (1134) ഗ്രാമീണതൊഴിൽ ദാനപരിപാടി

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിൽദാന പദ്ധതിയിൽക്കൂടി 1998-99 വർഷത്തിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് സ്ഥിരം ജോലി നൽകുന്നതിനുള്ള പദ്ധതികൾ ഏതെല്ലാം;

(സി) പ്രസ്തുത പദ്ധതികൾ എത്രപേർക്ക് പ്രയോജനപ്പെടുന്നുണ്ട്;

(ഡി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജെ.ആർ.വൈ. പദ്ധതി പ്രകാരം 1998-99 സാമ്പത്തിക വർഷം 39.39 ലക്ഷം തൊഴിൽദിനങ്ങളും ഇ.എ.എസ്. പ്രകാരം 55.75 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചു. തൊഴിലുറപ്പു പദ്ധതിപ്രകാരം 3,32,595 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായിക്കുന്ന പദ്ധതികളാണ് ഐ.ആർ.ഡി.പി, ഡി.ഡബ്ല്യൂ, സി.ആർ.എ, ആധുനിക തൊഴിലുപകരണ വിതരണ പരിപാടി എന്നിവ. ഈ പദ്ധതികൾ സംയോജിപ്പിച്ച് 1.4.99 മുതൽ സ്വർണ്ണ ജയന്തി ഗ്രാമസ്വരാജ് റോസ്ഗാർ യോജന എന്ന പദ്ധതി കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്.

(സി) ഐ.ആർ.ഡി.പി. പദ്ധതിയിൻകീഴിൽ 39836 കുടുംബങ്ങൾക്കു സഹായം ലഭിച്ചിട്ടുണ്ട്. വനിതാ ശിശുവികസന പരിപാടിയിൽ 1098 ഗ്രൂപ്പുകൾ വരുമാനവർദ്ധന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആധുനിക കൈത്തൊഴിലുപകരണ പരിപാടിപ്രകാരം 7759 പേർക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly